Draft #2 of File 22426/AD A5/2/2019/SOCS Approved by ASSISTANT REGISTRAR II (ADMIN) on 26-Sep-2019 02:46 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലേക്ക് ഗസ്റ്റ് അധ്യാപകരെ (ഇന്റേണൽ) നിയോഗിക്കുന്നതിന് തയ്യാറാക്കിയ റാങ്ക് പട്ടിക - കാലാവധി - അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 4644/AD A 5/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.09.2019

---

പരാമർശം:-1.നോട്ടിഫിക്കേഷൻ നമ്പർ A5(3)/GF/2017/Admn തീയതി 09.01.2018

2 സർവകലാശാലാ ഉത്തരവ് നമ്പർ 3256/എ5(3)/2018/ഭരണവിഭാഗം തീയതി 11/04 /2018

**ഉത്തരവ്**

സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്ക് ഗസ്റ്റ് അധ്യാപകരെ (ഇന്റേണൽ) തിരഞ്ഞെടുക്കുന്നതിനായി പരാമർശം (1) വിജ്ഞാപനപ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. ടി അപേക്ഷകൾ പരിഗണിച്ച് തെരഞ്ഞെടുപ്പ് നടപടിക്രമം പൂർത്തിയാക്കി പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്നും ഗസ്റ്റ് അധ്യാപകരെ (ഇന്റെണൽ) വിവിധ പഠന വകുപ്പുകളിൽ നിയോഗിക്കുകയും ചെയ്തിരുന്നു. .

എന്നാൽ ഗസ്റ്റ് അധ്യാപക (ഇന്റേണൽ) നിയമനത്തിനായി സർവകലാശാല തയാറാക്കിയ ലിസ്റ്റിൽ നിന്നും നിലവിലുള്ള സ്ഥിരം അധ്യാപകരുടെ ഒഴിവിലേക്കും വിവിധ വകുപ്പുകളിൽ പുതിയ കോഴ്സുകൾ തുടങ്ങിയതുകൊണ്ടും അവധിമൂലം ഉണ്ടായ ഒഴിവുകളിലേക്കും നിയോഗിക്കുവാൻ ലിസ്റ്റിൽ ഉൾപ്പെട്ടവർ മുഴുവനായും തികയാതെ വരുന്ന സാഹചര്യവും പരിഗണിച് അടിയന്തിര സാഹചര്യങ്ങളിൽ കൂടുതൽ ഗസ്റ്റ് (ഇന്റേണൽ) അധ്യാപകരെ നിയോഗിക്കുവാൻ വകുപ്പ് തലവന്മാരെ ചുമതലപ്പെടുത്തുവാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിക്കുകയും ആയത് പരാമർശം (2) ഉത്തരവ് പ്രകാരം നടപ്പിലാക്കുകയും ചെയ്തിരുന്നു .

പരാമർശം(1) വിജ്ഞാപന പ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവരുടെ നിയമന കാലാവധി ഒരു വർഷമായി നിശ്ചയിച്ചിരുന്നുവെങ്കിലും അതനുസരിച്ച തയാറാക്കിയ റാങ്ക് പട്ടികയുടെ കാലാവധി നിശ്ചയിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ, പരാമർശം (1 ) നോട്ടിഫിക്കേഷൻ പ്രകാരം തയാറാക്കിയ റാങ്ക് പട്ടികകളുടെ കാലാവധി അവസാനിപ്പിച്ച് കൊണ്ട് ബഹു:വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു. എന്നാൽ പ്രസ്തുത ലിസ്റ്റിൽ നിന്നും നിയോഗിക്കപ്പെട്ട ഗസ്റ്റ് അധ്യാപകർക്ക് (ഇന്റേണൽ) കരാർ പൂർത്തിയാകും വരെ തുടരാവുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഹാരീസ് പി വൈ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 പഠന വകുപ്പ് മേധാവികൾ
2 വൈസ് ചാന്സലറുടെ പി എസ്
3 പ്രൊ-വൈസ്-ചാൻസലറുടെ പി എസ്
4 രജിസ്ട്രാർ / എഫ്.ഒ എന്നിവരുടെ പി എ
5 ജെ ആർ I/ഡി ആർ II / എ ആർ II ( ഭരണം)
6 .ഫിനാൻസ് / ഓഡിറ്റ് വകുപ്പുകൾ
7 .ജോയിൻറ് ഡയറക്ടർ ,കെ .എസ് .എ .ഡി
6 കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ / സിറ്റാഡ്
7 റെക്കോർഡ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 22426/AD A5/2/2019/SOCS Approved by ASSISTANT REGISTRAR II (ADMIN) on 26-Sep-2019 02:46 PM - Page 2